കാലിക്കറ്റ് സർവ്വകലാശാല
വിദൂരവിദ്യാഭ്യാസ വിഭാഗം

II സെമസ്റ്റർ

മലയാള സാഹിത്യ പഠനം -2

Common Additional Language in Malayalam
for B.Com./BBA

2019 Admission onwards

ചോദ്യോത്തരങ്ങൾ തയ്യാറാക്കിയത്

ഡോ.രാജുക്കുട്ടൻ.പി.ജി
അസി.പ്രൊഫസർ
വിദൂരവിദ്യാഭ്യാസവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

1. എന്റെ ഭാഷ എന്ന കവിത രചിച്ചതാര്?

A. വള്ളത്തോൾ B. ആശാൻ C. ഉള്ളൂർ D. ചെറുശ്ശേരി

2. വള്ളത്തോൾ ജനിച്ച വർഷം?

A. 1888 B. 1879 C. 1878 D. 1867

3. കേരളകലാമണ്ഡലം സ്ഥാപിച്ചത് ആര്?

A. സ്വാതി തിരുനാൾ B. അപ്പൻ തമ്പുരാൻ

C. ശക്തൻ തമ്പുരാൻ D. വള്ളത്തോൾ നാരായണമേനോൻ

4. വള്ളത്തോൾ രചിച്ച മഹാകാവ്യം?

A. നളിനി B. ചിത്രയോഗം C. സാഹിത്യമഞ്ജരി D. പിംഗള

5. വള്ളത്തോൾ മലയാളത്തിലേക്കു വിവർത്തനം ചെയ്ത വേദം?

A. ഋഗ്വേദം B. യജുർവേദം C. സാമവേദം D. അർവ്വവേദം

6. വേദശാസ്ത്രങ്ങളും കാവ്യവും ഹൃദയത്തിൽ പതിയണമെങ്കിൽ ഏതുഭാഷയിൽ പഠിക്കണമെന്നാണ് കവി പറയുന്നത്.?

A. ഗൂഢഭാഷയിൽ B. വിദേശഭാഷയിൽ

C. മൃതഭാഷയിൽ D. മാതൃഭാഷയിൽ

7. സംസ്കൃതഭാഷയെ മലയാള ഭാഷയുടെ ആരായാണ് കരുതിപ്പോരുന്നതെന്നാണ് കവി പറയുന്നത്?

A. മാതാവ് B. പിതാവ് C. ഉറ്റതോഴി D. സഹോദരി

8. സ്വന്തം ഭാഷയാകുന്ന തറവാട്ടിൽ എന്ത് വളർത്താനാണ് കവി ആവശ്യപ്പെടുന്നത്?

A. പ്രശസ്തി B. സമ്പത്ത് C. സദ്ഗുണം D. സൗന്ദര്യം

9. മാതൃത്വത്തിന്റെ കവി എന്നറിയപ്പെടുന്നത് ആര്?

A. ബാലാമണിയമ്മ B. സുഗതകുമാരി

C. ലളിതാംബിക അന്തർജ്ജനം D. മാധവിക്കുട്ടി

10. ബാലാമണിയമ്മയുടെ മുത്തശ്ശി എന്ന കൃതിക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച വർഷം?

A. 1967 B. 1974 C. 1970 D. 1966

11. ബാലാമണിയമ്മ അന്തരിച്ച വർഷം?

A. 2000 B. 2003 C. 2004 D. 2001

12. മഴുവിന്റെ കഥയിൽ ആരുടെ ജീവിതകഥയാണ് ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളത്.?

A. ശ്രീരാമന്റെ B. പരശുരാമന്റെ

C. കുഞ്ഞിരാമന്റെ D.സേതുരാമന്റെ

13. പരശുരാമന്റെ തോൾ ഞെരിച്ചുകൊണ്ട് കൂടെയുണ്ടായിരുന്ന ആയുധം?

A. കത്തി B. വടി C. വാൾ D. മഴു

14. വികാരനിയന്ത്രിതമായ ജീവിതത്തിന്റെ അന്ത്യഘട്ടങ്ങളിൽ പരശുരാമന് കൂട്ടുണ്ടായിരുന്നനെന്ത്?

A. ആത്മനിന്ദയും പശ്ചാത്താപവും B. ആയുധം

C. സമ്പത്ത് D. അഹങ്കാരം

15. ജീവിതത്തിന്റെ പരാക്രമസന്ധികളിൽ ധർമ്മം എന്നുകരുതി ചെയ്തുകൂട്ടിയതെല്ലാം എന്തായിരുന്നുവെന്നാണ് പരശുരാമന് മനസ്സിലായത്?

A. ദുഷ്കർമ്മം B. അഹങ്കാരം C. അധർമ്മം D. അവിവേകം

16. തിൻമയെ തകർക്കാനുള്ള വെൺമഴു പരശുരാമന് നൽകിയതാര്?

A. സദാശിവൻ B. ബ്രഹ്മാവ് C. വിഷ്ണു D. ഇന്ദ്രൻ

17. പരശുരാമൻ ചെയ്ത ഏറ്റവും വലിയ തെറ്റ് എന്തായിരുന്നു?

A. പിതൃഹത്യ B. മാതൃഹത്യ C. ഗുരുഹത്യ D. ബ്രഹ്മഹത്യ

18. പരശുരാമന്റെ പിതാവാര്?

A. ചിരാമൻ B. അഗ്നിഹോത്രി C. ബ്രഹ്മാവ് D. ജമദഗ്നി

19. പരശുരാമനെ ഹിംസാപാഠം പഠിപ്പിച്ചത് ആരായിരുന്നു?

A. ഇന്ദ്രൻ B. വരുണൻ C. ജമദഗ്നി D. ബ്രഹ്മാവ്

20. 1986-ലെ വയലാർ അവാർഡ് ലഭിച്ച എൻ.എൻ.കക്കാടിന്റെ കൃതി?

A. സഫലമീയാത്ര B. ശലഭഗീതം

C. പാതാളത്തിന്റെ മുഴക്കം D. വജ്രകുണ്ഡലം

21. എൻ.എൻ.കക്കാട് അന്തരിച്ച വർഷം?

A. 1989 B. 1987 C. 1986 D. 1990

22. എൻ.എൻ.കക്കാടിന്റെ കവിതകളിൽ ഏതുതരം സംഘർഷമാണ് തെളിഞ്ഞു കാണുന്നത്?

A. ബാഹ്യവും ആന്തരികവും തമ്മിലുള്ള

B. ആശയങ്ങൾ തമ്മിലുള്ള

C. ഗ്രാമവും നഗരവും തമ്മിലുള്ള

D. പാരമ്പര്യവും പുരോഗമനവും തമ്മിലുള്ള

23. സഫലമീയാത്രയിൽ എൻ.എൻ.കക്കാട് ജീവിതത്തെ വിലയിരുത്തുന്നത് ആരോട്?

A. സുഹൃത്തിനോട് B. ഭാര്യയോട്

C. അമ്മയോട് D. സഹോദരിയോട്

24. വേദനകൊണ്ട് വിഷമിക്കുന്ന ആ രാത്രിയിലും കവി ഭാര്യയോട് എന്തുകാണാനാണ് ആഗ്രഹം പ്രകടിപ്പിക്കുന്നത്?

A. രാത്രിയെ B. ചന്ദ്രനെ C. നിലാവിനെ D. ആതിരതാരത്തെ

25. എന്തുകേൾക്കുന്നുണ്ടോ എന്നാണ് സഫലമീയാത്രയിൽ കവി സഖിയോട് ചോദിക്കുന്നത്?

A. ഊഞ്ഞാൽപാട്ട് B. തേക്കുപാട്ട്

C. കൈകൊട്ടിക്കളിപാട്ട് D. പൂരക്കളിപ്പാട്ട്

26. 'വിരുന്നു മേശയിലേക്ക് നിലവിളികളോടെ' എന്ന പ്രശസ്തകഥ രചിച്ചിരിക്കുന്നതാര്?

A. എം.മുകുന്ദൻ B. സേതു

C. ടി.വി.കൊച്ചുബാവ D. പുനത്തിൽ കുഞ്ഞബ്ദുള്ള

27. കേരളസാഹിത്യഅക്കാദമി അവാർഡ് ലഭിച്ച ടി.വി.കൊച്ചുബാവയുടെ നോവൽ ഏത്?

A. നൃത്തം B. വൃദ്ധസദനം C. ജാതകം D. ഉപജന്മം

28. ടി.വി.കൊച്ചുബാവ ജനിച്ചവർഷം?

A. 1955 B. 1958 C. 1959 D. 1968

29. ബംഗ്ലാവ് എന്ന കഥയിലെ ബംഗ്ലാവ് പഴയകാലത്ത് സ്വന്തമാക്കിയതാര്?

A. സോമരാജു B. ഗീവറീതിന്റെ അപ്പൻ

C. ദാസൻ D. ഗീവറിത്

30. വിജയകുമാരി ബംഗ്ലാവിലെത്തിയത് തന്റെ ഭർത്താവായ സോമരാജുവിനെ ---------- ആണ്?

A. കാണാൻ വേണ്ടിയിട്ട് B. കാണാതായിട്ട്

C. അന്വേഷിച്ചിട്ട് D. ഭയന്നിട്ട്

31. ബംഗ്ലാവ് എന്ന കഥയിലെ സിസ്റ്റർ സാവിത്രി ആരെയാണ് നിരന്തരം ഫോണിൽ വിളിച്ചുകൊണ്ടിരുന്നത്?

A. എമ്മയെ B. രോഗിയുടെ മകളെ

C. ഡോ.കോശിയെ D. സിസ്റ്റർ ഫ്ളോറയെ

32. ഡോക്ടർ കോശി ആമ്പുലൻസിനെ കടത്തിവിടാതിരുന്നതെന്തുകൊണ്ട്?

A. മരണങ്ങളുടെ തമാശയിൽ ഹരം കൊണ്ടിരുന്നതിനാൽ

B. റോഡിൽ തിരക്കായതിനാൽ

C. അനാവശ്യമെന്ന് തോന്നിയതിനാൽ

D. ആമ്പുലൻസ് ഹോൺമുഴക്കാത്തതിനാൽ

33. 1970-ൽ കേരളസാഹിത്യ അക്കാദമി അവാർഡുനേടിയ വി.കെ.എന്നിന്റെ നോവലേത്?

A. ദൈവത്തിന്റെ വികൃതികൾ B. പിതാമഹൻ

C. കാലം D. ആരോഹണം

34. താഴെ കൊടുക്കുന്നതിൽ നിന്ന് വി.കെ.എന്നിന്റെ ചെറുകഥ തെരഞ്ഞെടുക്കുക.

A. ദശരഥൻമാഷ് B. ദുഷ്യന്തൻമാഷ്

C. ഭഗീരഥൻമാഷ് D. രാമനാഥൻമാഷ്

35. ശാകുന്തളം കഥ ഹാസ്യാത്മകമായി സാധാരണജീവിതങ്ങളുമായി ഇണക്കിച്ചേർത്ത് അവതരിപ്പിച്ച കഥാകാരൻ?

A. ആർ.വി.എം B. കെ.ഇ.എൻ

C. വി.കെ.എൻ. D. ഒ.എൻ.വി

36. രാജാവായ വിവരം നാട്ടുകാരെ അറിയിക്കാൻ 'ദുഷ്യന്തൻമാഷ്' എന്താണ് ചെയ്തത്?

A. ഗസറ്റ് വിജ്ഞാപനം B. വിളംബരം

C. കിരീടധാരണം D. പട്ടാഭിഷേകം

37. കോതമ്പുതീനികളായ പ്രജകളോട് എന്തുതിന്നണമെന്നാണ് ദുഷ്യന്തൻ കല്പിച്ചത്?

A. ഇറച്ചി B. വെണ്ണ C. മധുരപലഹാരം D. നെല്ലരിശി

38. നാടകം പഠിച്ചുകഴിഞ്ഞോ എന്ന ദുഷ്യന്തൻമാഷുടെ ചോദ്യത്തിന് ശകുന്തള നൽകിയ ഉത്തരമെന്തായിരുന്നു?

A. നാടകം പഠിച്ചുകഴിഞ്ഞില്ല B. സിനിമയാണിഷ്ടം

C. സിനിമ ഇഷ്ടമല്ല D. നാടകം പഠിച്ചുകഴിഞ്ഞു

39. ദുഷ്യന്തൻ ഏതുസർവ്വകലാശയിൽ നിന്നാണ് രാഷ്ട്രമിമാംസയിൽ ബിരുദമെടുത്തത്?

A. നളന്ദ B. കോഴിക്കോട് C. അലഹബാദ് D. കേരള

40. കാട്ടിലേക്കുപോയ ദുഷ്യന്തനെ ആരെല്ലാമാണ് അനുഗമിച്ചത്?

A. നാവിക-വായുസേനാവിഭാഗം B. അസ്ത്രശാസ്ത്രവിഭാഗം

C. കാലാൾപട D. കുതിരപ്പട

41. പുഴയിൽ നിന്ന് പാട്ടുകേട്ട ദുഷ്യന്തൻ എതുകലാപരിപാടി നടക്കുന്നുണ്ടെന്നാണ് സംശയിച്ചത്?

A. ഗാനമേള B. നാടകം C. കഥകളി D. സിനിമാഷൂട്ടിങ്ങ്

42. ആശ്രമത്തിലെ വേദമന്ത്രോച്ചാരണം കേട്ടപ്പോൾ ദുഷ്യന്തനുണ്ടായ സംശയമെന്ത്?

A. കൂടല്ലൂർ അന്യോനത്തിലാണോ

B. കടവല്ലൂർ അന്യോനത്തിലാണൊ

C. തൃശ്ശീവപേരൂർ അന്യോനത്തിലാണോ

D. മുതവല്ലൂർ അന്യോനത്തിലാണോ

43. വിശ്വാമിത്രന്റെ തപസ്സിളക്കാൻ മേനകയെ നിയോഗിച്ചതാര്?

A. ബ്രഹ്മാവ് B. ശിവൻ C. ഇന്ദ്രൻ D. വരുണൻ

44. ''ഫുൾടൈം രാജാവെടി എല്ലാം നിനക്കുവഴിയെ തിരിയും'' ആരുടെ വാക്കുകൾ?

A. ഇന്ദ്രൻ B. വിശ്വാമിത്രൻ C. സർവ്വദമനൻ D. ദുഷ്യന്തൻ

45. കേന്ദ്ര, കേരളസാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ച സാറാജോസഫിന്റെ നോവലേത്?

A. ആലാഹയുടെ പെൺമക്കൾ B. ഒതപ്പ്

C. ആതി D. ഊര് കാവൽ

46. സച്ചിദാനന്ദൻ ആദ്യമായി 'പെണ്ണെഴുത്ത്' എന്ന പ്രയോഗം സാറാജോസഫിന്റെ ഏതുകൃതിയുടെ ആമുഖത്തിലാണ് പ്രയോഗിച്ചത്?

A. നിലാവ് അറിയുന്നു B. പാപത്തറ

C. മനസ്സിലെ തീ മാത്രം D. ഒടുവിലത്തെ സൂര്യകാന്തി

47. തായ്കുലം എന്ന കഥയിൽ സാറാജോസഫ് ആരുടെ വിലാപമാണ് ആവിഷ്ക്കരിക്കുന്നത്?

A. സരമയുടെ B. മണ്ഡോദരിയുടെ

C. ശൂർപ്പണഖയുടെ D. അയോമുഖിയുടെ

48. ശൂർപ്പണഖ നിലകൊള്ളുന്ന വനത്തിന്റെ പേരെന്ത്?

A. നിലമ്പൂർവനം B. ആനമുടിവനം

C. മംഗളവനം D. പഞ്ചവടിവനം

49. ശൂർപ്പണഖയ്ക്ക് ആരുടെ രൂപത്തോടാണ് സാദൃശ്യമുണ്ടായിരുന്നത്?

A. കരിങ്കാളിയുടെ B. രാക്ഷസിയുടെ

C. യക്ഷിയുടെ D. അയോമുഖിയുടെ

50. ''അവൻ എന്റെ കുലത്തിന്റെ വേരറുത്തു'' ആരെക്കുറിച്ചാണ് ശൂർപ്പണഖ ഇങ്ങനെ പറഞ്ഞത്?

A. രാമൻ B. ലക്ഷ്മണൻ C. വിശ്വാമിത്രൻ D. രാവണൻ

51. മതവിമർശനം നടത്തി എന്ന് ആരോപിക്കപ്പെട്ട് പ്രസിദ്ധീകരണം മുടങ്ങിയ എസ്.ഹരീഷിന്റെ നോവൽ?

A. രയവിദ്യയുടെ ചരിത്രം B. മീശ

C. ആദം D. മനുഷ്യന് ഒരു ആമുഖം

52. എസ്. ഹരീഷിന്റെ ഗീതാഹിരണ്യൻ എൻഡോവ്മെന്റ് ലഭിച്ച കൃതി?

A. രയവിദ്യയുടെ ചരിത്രം B. ആദം

C. മീശ D. ലീല

53. മോദസ്ഥിതനായങ്ങുവസിപ്പുമലപോലെ എന്ന കഥയിലെ പവിത്രയുടെ വീട്ടിലെ ഏതു ചിത്രമാണ് ഉണ്ണിമാമന് ഇഷ്ടക്കേടുണ്ടാക്കിയത്?

A. ചട്ടമ്പിസ്വാമികളുടെ B. അയ്യങ്കാളിയുടെ

C. ശ്രീനാരായണഗുരുവിന്റെ D. കുമാരഗുരുവിന്റെ

54. മോദസ്ഥിതനായങ്ങു വസിപ്പുമലപോലെ എന്ന കഥയിൽ കരുണാകരൻ 40-ാം നമ്പർ ഷാപ്പിൽ നിന്ന് ശ്രീനാരായണഗുരുവിന്റെ ചിത്രം എടുത്തുമാറ്റാ നുണ്ടായ കാരണമെന്ത്?

A. ഒരു മദ്യപാനി ബഹളം വെച്ചിട്ട്

B.ഒരു സാമൂഹ്യപ്രവർത്തകൻ ബഹളം വെച്ചിട്ട്

C. ഒരു രാഷ്ട്രീയപ്രവർത്തകൻ ബഹളം വെച്ചിട്ട്

D. ഒരു കവി ബഹളം വെച്ചിട്ട്

55. മോദസ്ഥിതനായങ്ങു വസിപ്പുമലപോലെ എന്ന കഥയിൽ ശ്രീനാരായണഗുരു വിന്റെ ചിത്രം മാറ്റണം എന്ന പ്രശ്നം കഥാകൃത്ത് ചിത്രീകരിക്കുന്നത് എന്തു കൊണ്ട്?

A. ജാതിവ്യത്യാസം നിലനിൽക്കുന്നു എന്നു കാണിക്കാൻ

B. ജാതിവ്യത്യാസം നിലനിൽക്കുന്നില്ല എന്നു കാണിക്കാൻ

C. ജാതിവ്യത്യാസത്തിന്റെ കാലം കഴിഞ്ഞു എന്നു കാണിക്കാൻ

D. ജാതിവ്യത്യാസം വർദ്ധിച്ചുവരുന്നു എന്നു കാണിക്കാൻ

56. സി.എൻ.ശ്രീകണ്ഠൻനായരുടെ രാമായണനാടകങ്ങളിൽ ആദ്യം രചിക്കപ്പെട്ട നാടകം?

A. സാകേതം B. കാഞ്ചനസീത C. ലങ്കാലക്ഷ്മി D. കലി

57. സി.എൻ. നാടകരചന ആരംഭിച്ച വർഷം?

A. 1940 B. 1930 C. 1950 D. 1960

58. സാകേതം നാടകത്തിന്റെ നാടകകൃത്തിന്റെ നിർബന്ധമെന്താണെന്നാണ് സൂത്രധാരൻ പറയുന്നത്.

A. കർട്ടൻ വലിച്ചാൽ പോര കാര്യങ്ങൾ പറയുകയും വേണം

B. കാര്യങ്ങൾ കൃത്യമായി പ്രേക്ഷകരെ അറിയിക്കണം

C. കർട്ടൻ കൃത്യമായി ശ്രദ്ധിക്കണം

D. സൂത്രധാരനായാൽ പോരാ നാടകത്തിൽ വേഷവും കെട്ടണം

59. കഥ എവിടെ നടക്കുന്നതെന്നാണ് സാകേതം നാടകത്തിൽ സൂത്രധാരൻ പറയുന്നത്?

A. അയോദ്ധ്യയിൽ B. വാരണാസിയിൽ

C. ഗുരുവായൂരിൽ D. പാടലിപുത്രത്തിൽ

60. സാകേതം നാടക്തിതൽ ഇക്ഷാകുവിന്റെ വംശത്തിൽ പിറന്ന രാജാവ് ആര്?

A. ഗുഹൻ B. ചിത്രസേനൻ C. ദശരദൻ D. ഇന്ദ്രൻ

61. 'പുത്രശോകത്താൽ നീയം മരിക്കും' എന്ന ശാപത്തിൽ നിന്ന് രക്ഷനേടാൻ ദശരഥൻ ആരുടെ ഉപദേശപ്രകാരമാണ് യാഗം നടത്തിയത്?

A. ഗുഹന്റെ B.വസിഷ്ഠന്റെ C. ഇന്ദ്രന്റെ D. ബ്രഹ്മാവിന്റെ

62. സാകേതം നാടകത്തിൽ ദശരഥന്റെ മന്ത്രി ആര്?

A. ഇക്ഷ്വാകു B. വിശ്വാമിത്രൻ C. വസിഷ്ഠൻ D. സുമന്ത്രർ

63. രാമൻ സിംഹാസനം അലങ്കരിക്കുമ്പോൾ താൻ വാനപ്രസ്ഥമോ മരണമോ വരിച്ചു കൊള്ളാം എന്നു പറഞ്ഞതാര്?

A. ലക്ഷ്മണൻ B. ഭരതൻ C. ദശരഥൻ D. ശത്രുഘ്നൻ

64. ''ഭാഗ്യംകെട്ട കേകയത്തിന്റെ പുത്രി നീ ഇന്നൊരുപഴങ്കഥയാണ്'' കൈകേയിയെക്കുറിച്ച് ഇങ്ങനെ പറഞ്ഞതാര്?

A. കൗസല്യ B. മന്ഥര C. സീത D. സുമന്ത്രർ

65. ''നീ ജന്മം കൊടുത്തവൻ നീ മൂലം കൊല്ലപ്പെടുമെന്നും ചാരന്മാരാൽ ചതിയാൽ ഓടിയോടി തളർന്ന് ഭീകരമായ കൊടുംതമസ്സിന്റെ നിശ്ശബ്ദയാമത്തിന്റെ ഒരു ദുഷ്ടമുഹൂർത്തത്തിൽ നിന്റെ പ്രിയപ്പെട്ട പുത്രൻ'' ആരെക്കുറിച്ചാണ് സാകേതം നാടകത്തിലെ ഈ പരാമർശം?

A. ഭരതൻ B. രാമൻ C. ലക്ഷ്മണൻ D. ശത്രുഘ്നൻ

66. ''കേകയത്തിൽ കുരുത്ത ഈ നഞ്ചുമരം ഇടിവാളാൽ ചിതറിത്തെറിക്കട്ടെ'' ആരുടെ വാക്കുകൾ?

A. കൗസല്യ B. കൈകേയി C. മന്ഥര D. സീത

67. ''അധികാമം കൊണ്ട് അന്ധമായ സ്ത്രീചിതന്റെ വൃദ്ധപ്പിച്ചുകൾ ഞാൻ മാനിക്കുന്നില്ല''. ആരുടെ പ്രസ്താവന?

A. രാമൻ B. സുമന്തർ C. ലക്ഷ്മണൻ D. ഭരതൻ

68. ''പരശുരാമനെ തോല്പിച്ച വീരകുമാരൻ കിരീടങ്ങൾക്ക് അലങ്കാരമാണ്'' ആരുടെ വാക്കുകൾ?

A. ദശരഥൻ B. കൈകേയി C. സുമത്രൻ D. സീത

69. ''ചേരാത്ത കിരീടമണിയാൻ എന്റെ അമ്മ ആശിക്കുകയില്ല'' ആരുടെ വാക്കുകൾ?

A. ഭരതൻ B. രാമൻ C. ശത്രുഘ്നൻ D. ലക്ഷ്മണൻ

70. സാകേതം നാടകത്തിൽ തന്നെ കൊല്ലാൻ രാമനോട് ആവശ്യപ്പെട്ടതാര്?

A. ദശരഥൻ B. വസിഷ്ഠൻ C. ഭരതൻ D. സുമന്ത്രർ

71. ദശരഥനെ സന്ദർശിച്ച് രാമൻ കാട്ടിലേക്കു പോയ ദു:ഖത്തിൽ പങ്കുചേർന്ന രാജാവ് ആര്?

A. ചിത്രഗുപ്തൻ B. ഇന്ദ്രൻ C. ഗുഹൻ D. മയൻ

72. അനന്തമായ കാലപ്രവാഹത്തിലേക്ക് വർണ്ണിക്കാനാവാത്ത വേദനകളോടെ നടന്നുമറഞ്ഞ സാകേതം നാടകത്തിലെ രാജാവ് ആര്?

A. രാമൻ B. ഗുഹൻ C. ഭരതൻ D. ദശരഥൻ

73. ഒ.വി.വിജയൻ പത്മഭൂഷൻ ലഭിച്ച വർഷം?

A. 2001 B. 2003 C. 2006 D. 2005

74. ഒ.വി.വിജയന്റെ ശ്രദ്ധേയമായ നോവൽ?

A. ഖസാക്കിന്റെ ഇതിഹാസം B. അഗ്നിസാക്ഷി

C. മഞ്ഞ് D. അരനാഴികനേരം

75. തഞ്ചാവൂരിലെ കോളേജിൽ നിന്ന് ഒ.വി.വിജയൻ ലീവെടുത്ത് പാലക്കാട് എത്തിയത് എന്തിനായിരുന്നു?

A. രഥോത്സവം കാണാൻ

B. അമ്മയ്ക്ക് അസുഖമായതുകൊണ്ട്

C. ഇ.എം.എസ് മന്ത്രിസഭ അധികാരമേൽക്കുന്നതുകൊണ്ട്

D. പഞ്ചായത്ത് ഇലക്ഷൻ നടക്കുന്നതുകൊണ്ട്

76. ''ഞങ്ങൾക്ക് ഒരു പുതിയ മന്ത്രിസഭയുണ്ടാക്കാൻ പോകുകയാണ്'' എന്ന് ഒ. വി.വിജയൻ ആരോടാണ് പറഞ്ഞത്?

A. സഹയാത്രികനായ കർണ്ണാടകക്കാരനോട്

B. കൂടെ ജോലിചെയ്യുന്ന അധ്യാപനോട്

C. സി.ആർ.പി.എഫ് ഉദ്യോഗസ്ഥനായ ബംഗാളിയോട്

D. എൻ.സി.സി ഉദ്യോഗസ്ഥനായ സിക്കുകാരനോട്

77. ഇന്ത്യൻ കമ്മ്യൂണിസം നേരിട്ടത് ആരെല്ലാം കണ്ടിട്ടില്ലാത്തതും അറിഞ്ഞിട്ടില്ലാത്തതുമായ സാഹചര്യങ്ങളാണെന്നാണ് ഒ.വി.വിജയൻ വ്യക്തമാക്കുന്നത്?

A. ചെഗുവേരയും കാരിലോവും B. മാർക്സും ലെനിനും

C. ഗ്രാംഷിയും തോലിയാത്തിയും D. ബെർലിംഗറും മാർക്സും

78. ലെനിൻ എറിഞ്ഞുതന്ന തീപ്പന്തത്തെ സ്വീകരിക്കാൻ ഭാരതത്തിന്റെ ഏതെല്ലാം ഘടകങ്ങൾ പര്യാപ്തമായിരുന്നില്ലെന്നാണ് വിജയൻ പറയുന്നത്?

A. സാത്വികതയും ധാർമ്മികതയും

B. ബൗദ്ധികതയും സാമൂഹികതയും

C. സത്യസന്ധതയും ആത്മനിഷ്ഠയും

D. ശാന്തതയും സത്യസന്ധതയും

79. മസ്തിഷ്ക സംബന്ധമായ രോഗം ബാധിച്ച് തളർച്ച നേരിട്ട സഖാവിന്റെ പേരെന്തായിരുന്നു.?

A. ആർ.സുഗതൻ B. പൂർണ്ണചന്ദ്രജോഷി

C. കെ.ദാമോദരൻ D. മോഹൻ കുമാരമംഗലം

80. വിയറ്റ്നാം വിപ്ലവകഥ യാഥാർത്ഥത്തിൽ ഏതെല്ലാം മനുഷ്യർ തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു?

A. വെളുത്ത മനുഷ്യനും കറുത്ത മനുഷ്യനും

B. കറുത്ത മനുഷ്യനും മഞ്ഞ മനുഷ്യനും

C. മഞ്ഞ മനുഷ്യനും വെളുത്ത മനുഷ്യനും

D. വെളുത്തമനുഷ്യനും വെളുത്ത മനുഷ്യനും

81. ഞങ്ങൾക്ക് ഇഷ്ടപ്പെടാത്ത ഒരു ഭരണഘടനയുടെ കീഴിലാണ് ഞങ്ങൾക്ക് പ്രവർത്തിക്കേണ്ടിവരുന്നത്? ആരുടെ വാക്കുകൾ

A. ഇ.എം.എസ് B. എ.കെ.ജി

C. നായനാർ D. വി.എസ്.അച്യുതാനന്ദൻ

82. വൈക്കം ചന്ദ്രശേഖരൻനായർ ജനിച്ച വർഷം?

A. 1932 B. 1941 C. 1930 D. 1928

83. വൈക്കം ചന്ദ്രശേഖരൻനായരുടെ സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച നോവൽ?

A. ജാരഗൃഹം B. ജാരൂഗൃഹം

C. ജൂതഗൃഹം D. ജലഗൃഹം

84. 'ഷാരോണിലെ റോസാപൂക്കൾ' ഏതുസ്മരണാ സമാഹാരത്തിലെ അധ്യായ മാണ്?

A. വാക്കും ഓർമ്മയും B. ഓർമ്മ

C. അക്ഷരങ്ങൾ D. ചിദംബരസ്മരണ

85. ക്രിസ്തിൻ അഹ്റോന്റെ സ്വദേശം എവിടെയായിരുന്നു?

A. യരുശലേം B. കരിബിയൻ C. ബ്രിട്ടൻ D. കൊളംബിയ

86. ക്രിസ്തിൻ അഹറോൻ പുഞ്ചിരിച്ചപ്പോൾ ലേഖകന് ഓർമ്മ വന്നതെന്ത്?

A. മംഗവനങ്ങളെ B. യരുശലേമിലെ പുഷ്പവനങ്ങളെ

C. നന്ദന്യോദ്യാനത്തെ D. ഊട്ടിയിലെ ഉദ്യാനത്തെ

87. ''ഞാൻ സാധാരണരിൽ നിന്നു വ്യത്യസ്തമായ ഒരു ടൂറിസ്റ്റാണ്'' ആരുടെ അഭിപ്രായം?

A. വൈക്കം ചന്ദ്രശേഖരൻനായർ B. സലിൽ മുഖർജി

C. മോഷോ അഹ്റോൻ D. ക്രിസ്തിൻ അഹ്റോൻ

88. ''സോക്രട്ടീസ് തുടങ്ങി മഹാത്മാഗാന്ധിവരെയുള്ള മഹാമനസ്സുകളിൽ കൂടി അനുസ്യൂതമാകുന്ന വിശ്വമന:സാക്ഷി'' ഇത് ആരുടെ ഗവേഷണവിഷയമാണ്?

A. നീലീന എബ്രഹാം B. സലിൽ മുഖർജി

C. ക്രിസ്തിൻ അഹ്റോൻ D. മോഷോ അഹ്റോൻ

89. ആരെ അന്വേഷിച്ചാണ് ക്രിസ്തിൻ അഹ്റോൻ പലരാജ്യങ്ങളിലുമെത്തിയത്?

A. സലീൽ മുഖർജി B. മോഷോ അഹ്റോൻ

C. നിലീന എബ്രഹാം D. റീത്ത അഹ്റോൻ

90. ''ജൂഹുവിലെ കടപ്പുറത്തെ മുക്കുവർചേർന്നു കടലിൽ ചാടിയ ഒരു യുവതിയെ വലിച്ചു കയറ്റി, അവർ മരിച്ചു കഴിഞ്ഞിരുന്നു'' ഈ പരാമർശം ആരെക്കുറിച്ചായിരുന്നു?

A. നിലീന എബ്രഹാം B. ക്രിസ്തിൻ അഹ്റോൻ

C. റീത്ത അഹ്റോൻ D. ക്രിസ്റ്റീന ജോസഫ്

91. സലിൽ മുഖർജിയുടെ ജോലി എന്തായിരുന്നു?

A. അധ്യാപകൻ B. ഗവേഷകൻ

C. സംഗീതജ്ഞൻ D. ചിത്രകാരൻ

92. മാധവിക്കുട്ടിയുടെ ജനനസ്ഥലം?

A. കുന്നംകുളം B. വട്ടംകുളം C. പുന്നയൂർക്കുളം D.കണ്ണനാംകുളം

93. മാധവിക്കുട്ടിക്ക് കളക്റ്റഡ് പോയംസിന്റെ ഒന്നാം വാല്യം ആശാൻ വേൾഡ് പ്രൈസ് നേടിക്കൊടുത്ത വർഷം?

A. 1985 B. 1980 C. 1975 D. 1995

94. പതിനഞ്ചോളം വിദേശഭാഷകളിലേക്ക് വിവർത്തനം ചെയ്ത മാധവിക്കുട്ടിയുടെ കൃതി?

A. നീർമാതളം പൂത്തകാലം B. എന്റെ കഥ

C. ബാല്യകാലസ്മരണകൾ D. കടൽമയൂരം

95. പാവക്കുട്ടി എന്ന അധ്യായം ഏതു കൃതിയിൽ നിന്നെടുത്തതാണ്?

A. എന്റെ കഥ B. ചന്ദനമരങ്ങൾ

C. ബാല്യകാലസ്മരണകൾ D. വർഷങ്ങൾക്കു മുൻപ്

96. മാധവിക്കുട്ടിയുടെ പാവക്കുട്ടിയുടെ പേരെന്തായിരുന്നു?

A. മമ്മി B. അമ്മ C. മമ്മാ D. അമ്മിണി

97. നാലപ്പാട്ട് വീട്ടിലെത്തിച്ചേർന്ന പെൺകുട്ടിയുടെ പേരെന്തായിരുന്നു?

A. ശാന്ത B. പ്രേമ C. രാധ D. കമലം

98. ''കമല നല്ലകുട്ടിയല്ലേ? നല്ലകുട്ടികള് ഇങ്ങനെ സ്വാർത്ഥം കാണിക്കോ''? ഇങ്ങനെ ചോദിച്ചതാര്?

A. അമ്മമ്മ B. ശങ്കരൻ C. ദേവകി D. പ്രേമ

99. ''അമ്മമ്മയ്ക്ക് എന്നോട് സ്നേഹം തോന്നുന്നുണ്ടോ? എന്ന വേറെയൊരു വീട്ടിലേക്ക് കൊടുത്താൽ അമ്മമ്മ വ്യസനിക്കില്ലേ'' ആരുടെ വാക്കുകൾ?

A. രാധയുടെ B. ദേവകിയുടെ C. പ്രേമയുടെ D. കമലയുടെ

100. മാധവിക്കുട്ടി ഏതു പേരിലാണ് ഇംഗ്ലീഷിൽ സാഹിത്യം എഴുതിയിരുന്നത്?

A. മാധവിക്കുട്ടിദാസ് B. മാധവിക്കുട്ടി

C. കമലാദാസ് D. കമല

ഉത്തരസൂചിക

1. A	2. C	3. D	4. B	5. A	6. D
7. C	8. B	9. A	10. D	11. C	12. B
13. D	14. A	15. C	16. A	17. B	18. D
19. C	20. A	21. B	22. C	23. B	24. D
25. A	26. C	27. B	28. A	29. B	30. D
31. C	32. A	33. D	34. B	35. C	36. A
37. D	38. B	39. C	40. A	41. D	42. B
43. C	44. D	45. A	46. B	47. C	48. D
49. A	50. B	51. B	52. A	53. C	54. D
55. A	56. B	57. C	58. D	59. A	60. C
61. B	62. D	63. C	64. B	65. A	66. B
67. C	68. D	69. B	70. A	71. C	72. D
73. B	74. A	75. C	76. D	77. B	78. A
79. B	80. C	81. A	82. D	83. B	84. C
85. A	86. B	87. D	88. C	89. A	90. B
91. D	92. C	93. A	94. B	95. D	96. C
97. B	98. A	99. D	100. C		